പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 191 — 10.06.2013 ൽ മറുപടി നൽകിയത്

## സംസ്ഥാനമന്ത്രിമാരുടെ ഔദ്യോഗിക വാഹനങ്ങൾ മുഖേനയുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഉപയോഗിച്ച വാഹനങ്ങൾ എത്ര അപകടങ്ങൾ ഉണ്ടാക്കിയെന്നും ഏതെല്ലാം മന്ത്രിമാരുടെ വാഹനങ്ങളാണ് അപകടത്തിൽപ്പെട്ടതെന്നും ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ; | (എ) 10 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി<br>2. ശ്രീ. അനൂപ് ജേക്കബ്, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി (രണ്ടു തവണ)<br>3. ശ്രീ. എൻ. ശക്തൻ, ഡപ്യൂട്ടി സ്പീക്കർ<br>4. കുമാരി പി.കെ. ജയലക്ഷ്മി, ആദിവാസിക്ഷേമ വകുപ്പ് മന്ത്രി.<br>5. ശ്രീ. മഞ്ഞളാംകുഴി അലി, നഗരവികസനവകുപ്പ് മന്ത്രി.<br>6. ശ്രീ. കെ.സി. ജോസഫ്, ഗ്രാമീണ വികസന വകുപ്പ് മന്ത്രി (രണ്ടു തവണ)<br>7. ശ്രീ. എം.കെ. മുനീർ, പഞ്ചായത്ത്/സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി.<br>8. ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി.<br>പ്രസ്തുത അപകടങ്ങളിൽ 5 പേർ മരണപ്പെട്ടിട്ടുണ്ട്. |

→

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന മന്ത്രിമാർക്ക് യാത്ര ചെയ്യു വാൻ സൗകര്യമൊരുക്കുന്ന പൈലറ്റ് വാഹനങ്ങൾ എത്ര വാഹനാപകടങ്ങൾ ഉണ്ടാക്കി എന്നും ഏതെല്ലാം മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങളാണ് അപകടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്നും ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ; | (ബി) | 8 പൈലറ്റ് വാഹനങ്ങൾ അപകട ങ്ങളിൽ ഉൾപ്പെടുകയുണ്ടായി. അവ താഴെ പറയുന്ന മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങളാണ്.<br>1. ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി (രണ്ടുതവണ)<br>2. ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ, ആഭ്യന്തര വകുപ്പ് മന്ത്രി (നാല് തവണ)<br>3. ശ്രീ. എം.കെ. മുനീർ, പഞ്ചാ യത്ത്/സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി.<br>4. ശ്രീ.പി.ജെ. ജോസഫ്, ജല വിഭവ വകുപ്പ് മന്ത്രി.<br>ഈ അപകടങ്ങളിൽ ഒരാൾ മരണ പ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം വാഹനാപകടങ്ങളിൽ ഇതുവരെ എത്രപേർക്ക് പരിക്കും അംഗവൈക ല്യവും സംഭവിച്ചിട്ടുണ്ടെന്നും എത്രപേർ ഇപ്പോഴും സംസ്ഥാനത്തെ വിവിധ ആശു പത്രികളിൽ ചികിത്സയിൽ കഴിയുന്നു വെന്നും വ്യക്തമാക്കുമോ; | (സി) | 13 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. മറ്റു വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | ഇത്തരം വാഹനാപകടങ്ങളിൽ മരണപ്പെട്ട വർക്കും അവരുടെ കുടുംബങ്ങൾക്കും എന്തു തുകയുടെ ധനസഹായം ഇതേ വരെ നൽകിയെന്നും വിശദമാക്കുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ബഹു. മന്ത്രി ശ്രീ. അനൂപ് ജേക്കബ്ബിന്റെ വാഹനം ഇടിച്ചു മരണപ്പെട്ട അബ്ദുൾ കരീമിന്റെ കുടുംബ ത്തിന് മുഖ്യമന്ത്രിയുടെ ദുരിതാ- ശ്വാസ നിധിയിൽനിന്നും 2 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നഗരകാര്യ- ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി യുടെ വാഹനവും ഓട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ട രാമചന്ദ്രൻ നായരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബഹു. മന്ത്രി ശ്രീ. കെ.സി.ജോസ ഫിന്റെ ഔദ്യോഗിക വാഹനം |

→

ഇടിച്ച് ഗുരുതരമായി പരിക്കേറ്റ മുരുകന് 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ബഹു.മന്ത്രി ശ്രീ. കെ.സി.ജോസഫിന്റെ കാറിടിച്ച് മരണപ്പെട്ട രണ്ടു പേരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതവും പരിക്കേറ്റയാൾക്ക് 50,000/-രൂപ(അൻപതിനായിരം)യും നൽകിയിട്ടുണ്ട്.

(ഇ) ഇത്തരം വാഹനാപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(ഇ) വാഹനാപകടങ്ങൾ ഒഴിവാക്കുവാൻ വേണ്ട കർശന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡ്രൈവർമാർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ